പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2741

20.06.2013ൽ
മറുപടിക്ക്

# കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കോട്ടത്തുരുത്ത് പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കുന്ന നടപടി

ചോദ്യം
ശ്രീ.കെ.ദാസൻ :

റിവർ മാനേജ്മെന്റ് ഫണ്ടിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കോട്ട തുരുത്ത് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിൽ സർക്കാർ തലത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഈ പദ്ധതിക്ക് അംഗീകാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കോട്ട തുരുത്ത് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് 20-06-2012 -ൽ ചേർന്ന ജില്ലാ വിദഗ്ധ സമിതി 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. 22-11-2012 നുള്ള യോഗത്തിൽ ടി പ്രവൃത്തിക്ക് പുതുക്കിയ നിരക്ക് പ്രകാരം 226 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ 24-02-2012 ന് ശേഷം സംസ്ഥാന ഉന്നതതല സമിതി യോഗം ചേരാത്തതിനാൽ പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റിന് സർക്കാർതല അംഗീകാരം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ